# കേരള കാർഷിക സർവ്വകലാശാല

കാർഷിക കോളേജ്, പടന്നക്കാട്, പി.ഒ

കാസറഗോഡ് ജില്ല, പിൻ: 671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, Email: coapad@kau


നം. **COAPAD/646/2025-C1** തീയ്യതി: **22-02-2025**

## <u>പുനർ കൊട്ടേഷൻ പരസ്യം</u>

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ ഫോട്ടോകോപ്പി എടുക്കൽ, പ്രിന്റിങ്ങ്, ടൈപ്പ് സെറ്റിങ്ങ് (ഫോർമാറ്റിങ്ങ്), ബൈൻഡിങ്ങ് എന്നീ പ്രവർത്തികൾ ചെയ്യാൻ വേണ്ടി ഒരു കടമുറി മാസവാടകയ്ക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് നടത്തുന്നതിന് മേൽപ്പറഞ്ഞ ജോലികളിൽ വൈദഗ്ധ്യമുള്ളവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷൻ അടക്കം ചെയ്യുന്ന കവറിനു പുറത്ത് കാർഷിക കോളേജ് പടന്നക്കാടിൽ ഫോട്ടോകോപ്പി എടുക്കൽ, പ്രിന്റിങ്ങ്, ടൈപ്പ് സെറ്റിങ്ങ് (ഫോർമാറ്റിങ്ങ്), ബൈൻഡിങ്ങ് ജോലികൾ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ എന്നെഴുതിയിരിക്കണം.

മേൽ പറഞ്ഞ ജോലികൾ ചെയ്യുന്നതിനുള്ള സ്ഥല സൗകര്യം, വൈദ്യുതി എന്നിവ കാർഷിക കോളേജ് പടന്നക്കാടിൽ ഉണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന ദിവസം **03.03.2025 (തിങ്കൾ)** ന് രാവിലെ **11.00** മണി വരെയാണ്. അന്നുതന്നെ **11.30** ന് അവ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതാണ്. വൈകി കിട്ടുന്നതോ അപൂർണമോ ആയ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.

ക്വട്ടേഷനുകൾ നിരസിക്കുവാനോ നീട്ടി വെക്കാനോ ഉള്ള അവകാശം പടന്നക്കാട് കാർഷിക കോളേജ് ഡീനിൽ നിക്ഷിപ്തമായിരിക്കും.

സർക്കാർ / സർവ്വകലാശാല ക്വട്ടേഷൻ നിബന്ധനകളെല്ലാം ഇതിനും ബാധകാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. (ഫോൺ :9188256616, 04672280616)

**DEAN**

Signed by
T Sajitha Rani
Date: 22-02-2025 23:56:41

പകർപ്പ് :

1. നോട്ടീസ് ബോർഡ്

2. കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് 1,2
3. നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത് വില്ലേജ് ഓഫീസ്
4. നീലേശ്വരം / കാഞ്ഞങ്ങാട് നഗരസഭാ ഓഫീസ്/ കോളേജ് വെബ്സൈറ്റ്
5. കുടുംബശ്രീ ഓഫീസ് (ഇമെയിൽ മുഖാന്തരം)